**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 120** **04-10-2021 - ൽ മറുപടിയ്ക്ക്**

**കൊമേഴ്സ്യൽ കോടതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് എത്ര കൊമേഴ്സ്യൽ കോടതികൾ പ്രവർത്തിക്കുന്നുണ്ട്; അവ ഏതെല്ലാമാണ്; ജില്ല തിരിച്ച് വിശദവിവരം നൽകുമോ; കൊമേഴ്സ്യൽ കോടതിയിൽ ഏതെല്ലാം തരത്തിലുള്ള കേസുകളാണ് പരിഗണിക്കുന്നത്; | (എ) | നിർദ്ദിഷ്ട മൂല്യമുള്ള സാമ്പത്തിക തർക്കങ്ങളും വിഷയങ്ങളുമാണ് കൊമേഴ്സ്യൽ കോടതിയിൽ പരിഗണിക്കുന്നത്. 14 ജില്ലകളിലും ഓരോ സബോർഡിനേറ്റ് ജഡ്ജസ് കോടതികളെ കൊമേഴ്സ്യൽ കോടതികളായും പ്രിൻസിപ്പൽ ജില്ലാ കോടതികളെ കൊമേഴ്സ്യൽ അപ്പലേറ്റ് കോടതികളായും വിജ്ഞാപനം ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധം ആയി ചേർക്കുന്നു. |
| (ബി) | ബാങ്കുകൾ വ്യക്തികൾക്ക് നൽകുന്ന മൂന്ന് ലക്ഷത്തിന് മുകളിലുള്ള വിദ്യാഭ്യാസ ലോണുകൾ, കാർഷിക ലോണുകൾ, ഹൗസിംഗ് ലോണുകൾ മുതലായ മണി സ്യൂട്ടുകൾ കൊമേഴ്സ്യൽ കോടതികളുടെ അധികാര പരിധിയിൽ വരുന്നതാണോ; പല ജില്ലകളിലും ഒരു സബ് കോടതി മാത്രമേ കൊമേഴ്സ്യൽ കോടതികളായി പ്രവർത്തിക്കുന്നുള്ളൂവെന്നത് കൊണ്ട് ടി കോടതികളിൽ കേസുകളുടെ ബാഹുല്യം നിമിത്തം കേസുകൾ തീർപ്പാക്കാൻ കാലതാമസം വരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | കൊമേഴ്സ്യൽ കോർട്ട് ആക്ട് 2015ലെ ചാപ്റ്റർ I ക്ലോസ് 2(c) ൽ കൊമേഴ്സ്യൽ തർക്കങ്ങൾക്കു കീഴിൽ വരുന്ന കേസുകളാണ് കൊമേഴ്സ്യൽ കോടതികളുടെ അധികാര പരിധിയിൽ വരുന്നത്. കൊമേഴ്സ്യൽ കോടതികളിൽ കേസുകളുടെ ബാഹുല്യം നിമിത്തം കേസുകൾ തീർപ്പാക്കാൻ കാലതാമസം വരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | കൊമേഴ്സ്യൽ കോടതികളിലേക്ക് പോകുന്ന കേസുകളുടെ സല മുൻസിഫ് കോടതിയുടെ മറ്റു കേസുകളുടെ സലയായ 10 ലക്ഷമായി ഉയർത്താൻ സർക്കാർ ഉത്തരവിറക്കുമോ; ജില്ലാ കോടതികളിൽ 3 ലക്ഷത്തിന് മുകളിലുള്ള കൊമേഴ്സ്യൽ സ്യൂട്ടുകൾ ഫയൽ ചെയ്യാൻ അധികാരമുണ്ടോ; | (സി) | 14 ജില്ലകളിലെ കൊമേഴ്സ്യൽ കോടതികളായി വിജ്ഞാപനം ചെയ്തിട്ടുള്ള സബ് കോടതിക ളിൽ 3 ലക്ഷത്തിനു മുകളിൽ മൂല്യമുള്ള കേസുകൾ ഫയൽ ചെയ്യാവുന്നതാണ്. ഹൈക്കോടതിയുടെ ചട്ടങ്ങൾ അനുസരിച്ച് കൊമേഴ്സ്യൽ കോടതികളിൽ നിന്നുള്ള20 ലക്ഷത്തിൽ കവിയാത്ത മൂല്യം വരുന്ന വിഷയങ്ങൾ സംബന്ധിച്ച കേസുകളിലെ അപ്പീലുകൾ ജില്ലകളിലെ കൊമേഴ്സ്യൽ അപ്പലേറ്റ് കോടതികളിലും മറ്റ് അപ്പീലുകൾ ഹൈക്കോടതിയുടെ കൊമേഴ്സ്യ ൽ അപ്പലേറ്റ് വിഭാഗത്തിലും കൈകാര്യം ചെയ്യുന്നു. കൊമേഴ്സ്യൽ കോടതികളിൽ പരിഗണിക്കുന്ന കേസുകളുടെ സല മുൻസിഫ് |

| | | | |
|---|---|---|---|
| | | | കോടതിയുടെ മറ്റു കേസുകളുടെ സല ഉയർത്തുന്ന വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. |
| (ഡി) | കൊമേഴ്സ്യൽ കോടതികളിൽ തീർപ്പ് കൽപ്പിക്കുന്ന 3 ലക്ഷത്തിന് മുകളിലുള്ള കേസുകളിലെ അപ്പീൽ കോടതി ഏതാണ്; | (ഡി) | 14 ജില്ലകളിലെ കൊമേഴ്സ്യൽ കോടതികളായി വിജ്ഞാപനം ചെയ്തിട്ടുള്ള സബ് കോടതിക ളിൽ 3 ലക്ഷത്തിനു മുകളിൽ മൂല്യമുള്ള കേസുകൾ ഫയൽ ചെയ്യാവുന്നതാണ്. ഹൈക്കോടതിയുടെ ചട്ടങ്ങൾ അനുസരിച്ച് കൊമേഴ്സ്യൽ കോടതികളിൽ നിന്നുള്ള20 ലക്ഷത്തിൽ കവിയാത്ത മൂല്യം വരുന്ന വിഷയങ്ങൾ സംബന്ധിച്ച കേസുകളിലെ അപ്പീലുകൾ ജില്ലകളിലെ കൊമേഴ്സ്യൽ അപ്പലേറ്റ് കോടതികളിലും മറ്റ് അപ്പീലുകൾ ഹൈക്കോടതിയുടെ കൊമേഴ്സ്യ ൽ അപ്പലേറ്റ് വിഭാഗത്തിലും കൈകാര്യം ചെയ്യുന്നു. കൊമേഴ്സ്യൽ കോടതികളിൽ പരിഗണിക്കുന്ന കേസുകളുടെ സല മുൻസിഫ് കോടതിയുടെ മറ്റു കേസുകളുടെ സല ഉയർത്തുന്ന വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. |
| (ഇ) | ജില്ലാ കോടതി ആണെങ്കിൽ 3 ലക്ഷത്തിന് മുകളിൽ കേസ് ഫയൽ ചെയ്യാൻ പറ്റാത്ത കോടതിയിൽ അപ്പീൽ നൽകുന്നത് അപാകതയല്ലേ; ഇത് പരിഹരിക്കാൻ സർക്കാർ എന്ത് നടപടികളാണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കുമോ? | (ഇ) | 14 ജില്ലകളിലെ കൊമേഴ്സ്യൽ കോടതികളായി വിജ്ഞാപനം ചെയ്തിട്ടുള്ള സബ് കോടതിക ളിൽ 3 ലക്ഷത്തിനു മുകളിൽ മൂല്യമുള്ള കേസുകൾ ഫയൽ ചെയ്യാവുന്നതാണ്. ഹൈക്കോടതിയുടെ ചട്ടങ്ങൾ അനുസരിച്ച് കൊമേഴ്സ്യൽ കോടതികളിൽ നിന്നുള്ള20 ലക്ഷത്തിൽ കവിയാത്ത മൂല്യം വരുന്ന വിഷയങ്ങൾ സംബന്ധിച്ച കേസുകളിലെ അപ്പീലുകൾ ജില്ലകളിലെ കൊമേഴ്സ്യൽ അപ്പലേറ്റ് കോടതികളിലും മറ്റ് അപ്പീലുകൾ ഹൈക്കോടതിയുടെ കൊമേഴ്സ്യ ൽ അപ്പലേറ്റ് വിഭാഗത്തിലും കൈകാര്യം ചെയ്യുന്നു. കൊമേഴ്സ്യൽ കോടതികളിൽ പരിഗണിക്കുന്ന കേസുകളുടെ സല മുൻസിഫ് കോടതിയുടെ മറ്റു കേസുകളുടെ സല ഉയർത്തുന്ന വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ക്രമ നം. | കൊമേഴ്സ്യൽ കോടതികൾ | ക്രമ നം. | കൊമേഴ്സ്യൽ അപ്പലേറ്റ് കോടതികൾ |
|---|---|---|---|
| 1 | പ്രിൻസിപ്പൽ സബ് കോടതി, തിരുവനന്തപുരം | 1 | ജില്ലാ കോടതി, തിരുവനന്തപുരം |
| 2 | പ്രിൻസിപ്പൽ സബ് കോടതി, കൊല്ലം | 2 | ജില്ലാ കോടതി, കൊല്ലം |
| 3 | സബ് കോടതി, പത്തനംതിട്ട | 3 | ജില്ലാ കോടതി, പത്തനംതിട്ട |
| 4 | സബ് കോടതി, ആലപ്പുഴ | 4 | ജില്ലാ കോടതി, ആലപ്പുഴ |
| 5 | പ്രിൻസിപ്പൽ സബ് കോടതി, കോട്ടയം | 5 | ജില്ലാ കോടതി, കോട്ടയം |
| 6 | സബ് കോടതി, തൊടുപുഴ | 6 | ജില്ലാ കോടതി, തൊടുപുഴ |
| 7 | പ്രിൻസിപ്പൽ സബ് കോടതി, എറണാകുളം | 7 | ജില്ലാ കോടതി, എറണാകുളം |
| 8 | പ്രിൻസിപ്പൽ സബ് കോടതി, തൃശ്ശൂർ | 8 | ജില്ലാ കോടതി, തൃശ്ശൂർ |
| 9 | പ്രിൻസിപ്പൽ സബ് കോടതി, പാലക്കാട് | 9 | ജില്ലാ കോടതി, പാലക്കാട് |
| 10 | സബ് കോടതി, മഞ്ചേരി | 10 | ജില്ലാ കോടതി, മഞ്ചേരി |
| 11 | പ്രിൻസിപ്പൽ സബ് കോടതി, കോഴിക്കോട് | 11 | ജില്ലാ കോടതി,കോഴിക്കോട് |
| 12 | സബ് കോടതി, സുൽത്താൻ ബത്തേരി | 12 | ജില്ലാ കോടതി, കൽപ്പറ്റ |
| 13 | പ്രിൻസിപ്പൽ സബ് കോടതി, തലശ്ശേരി | 13 | ജില്ലാ കോടതി, തലശ്ശേരി |
| 14 | സബ് കോടതി, കാസർകോഡ് | 14 | ജില്ലാ കോടതി, കാസർകോഡ് |